## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2695 — 12.02.2019 -ലെ മറുപടി

### ജലസ്രോതസുകളെ സംരക്ഷിക്കാൻ നടപടി

**ചോദ്യം** — **മറുപടി**

**ശ്രീ.കോവൂർ കുഞ്ഞുമോൻ** — **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | ഭൂഗർഭ ജലം കുറയുന്നതിനാൽ കുഴൽകിണർ കുഴിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നത്; | ബി) | കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) 2002 ആക്റ്റിലെ വകുപ്പ് 21(2)A,B പ്രകാരം ചട്ടലംഘനം നടത്തിയിട്ടുണ്ടെന്ന് ബോധ്യമാകുന്ന പക്ഷം ആദ്യ കുറ്റത്തിന് 2,000/- രൂപ വരെയുള്ള പിഴയും രണ്ടാമത്തേയും അതിനു ശേഷവുമുള്ള കുറ്റത്തിന് ആറ് മാസക്കാലം വരുന്ന തടവ് ശിക്ഷയോ, 10,000/- രൂപ വരെ ആകാവുന്ന പിഴയോ ആണ് നിഷ്കർഷിച്ചിട്ടുള്ളത്. |
| സി) | പാറക്കുളങ്ങളിലെ വെള്ളം ഉപയോഗയോഗ്യമാണോ എന്ന് പരിശോധിച്ച് ഏറ്റെടുക്കാൻ ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം റവന്യു വകുപ്പ് നൽകിയിട്ടുള്ളതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | വരൾച്ച 2017 മായി ബന്ധപ്പെട്ട് ജില്ലയിലെ പാറക്കുളങ്ങൾ കണ്ടെത്തേണ്ടതും അവ കുടിവെള്ള ഉപയോഗത്തിന് പര്യാപ്തമാണോയെന്ന് പരിശോധിച്ച ശേഷം അവ ഏറ്റെടുക്കുന്നതിനായി നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും, കൂടാതെ ഇത്തരം ജലസ്രോതസ്സുകളിൽ നിന്നും മറ്റുള്ളവർ ജലചൂഷണം നടത്തുന്നത് തടയേണ്ടതാണെന്നും ദുരന്തനിവാരണ വകുപ്പ് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശപ്രകാരം മൈനർ ഇറിഗേഷൻ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും റവന്യു വകുപ്പിലെ തഹസീൽദാർമാർക്കും കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉപയോഗശൂന്യമായ പാറക്കുളങ്ങളിൽ നിന്നും കുടിവെള്ളം വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| ഡി) | പ്രതിവർഷം ശരാശരി മൂന്ന് മീറ്ററോളം ജലനിരപ്പ് താഴുന്നതിനാൽ ഭൂഗർഭ ജലം വർദ്ധിപ്പിക്കാൻ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ; | ഡി) | ഭൂജലവകുപ്പ് പ്ലാൻ പദ്ധതിയായ ഭൂജലസംരക്ഷണവും കൃത്രിമഭൂജലസംപോഷണവും പദ്ധതിയിൻ കീഴിൽ ഭൂജലവിതാനം ഉയർത്തുന്നതിനായി തുറന്ന കിണർ/ റീചാർജ്ജ് പിറ്റ്/കുഴൽകിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ഭൂജല വകുപ്പ് 2016-17 സാമ്പത്തിക വർഷം, ഭൂജല സംരക്ഷണവും കൃത്രിമഭൂജലസംപോഷണവും പദ്ധതിയിൻ കീഴിൽ 40 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചതിൽ 41 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് എന്നീ പദ്ധതികൾ വിവിധ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 39.68 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 157 ലക്ഷം രൂപ പ്രസ്തുത പദ്ധതിയിൽ അനുവദിച്ചതിൽ നിന്നും 83 തുറന്നകിണർ/റീചാർജ്ജ് പിറ്റ് പദ്ധതികൾ വിവിധ ജില്ലകളിലും, 5 കുഴൽ കിണർ വഴിയുള്ള ഭൂജലസംപോഷണ പദ്ധതികൾ ഇടുക്കി ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 124.32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 350 ലക്ഷം രൂപ പ്രസ്തുത പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. ജില്ലകളിൽ നിന്നും ലഭ്യമായ വിവിധ പ്രൊപ്പോസലുകളിന്മേൽ 97 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികൾക്കും, 5 കുഴൽകിണർ റീചാർജ്ജ് പദ്ധതികൾക്ക് കാസർഗോഡ് ജില്ലയ്ക്കുമായി ആകെ 190 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 24 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| ഇ) | നൈസർഗികമായ ജലസ്രോതസുകളെ സംരക്ഷിക്കാൻ മുന്നോട്ട് വച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; അറിയിക്കാമോ? | ഇ) | പ്രകൃതിദത്തമായ ജലസ്രോതസ്സുകളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കുളങ്ങൾ, തോടുകൾ എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്തുവരുന്നു. ഇവയുടെ സംരക്ഷണം കൂടുതൽ ശാസ്ത്രീയവും സുസ്ഥിരവുമാക്കി മാറ്റുന്നതിനായി നീർത്തട പ്ലാനുകൾ രൂപപ്പെടുത്തുന്ന പ്രവർത്തനം ഹരിതകേരള മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"യുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ പൂർത്തിയാക്കുന്ന നീർത്തടപ്ലാനുകൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളാക്കി മാറ്റി, നദീതടാടിസ്ഥാനത്തിൽ വിവിധവകുപ്പുകൾ/ ഏജൻസികൾ/ഗവേഷണസ്ഥാപനങ്ങൾ/സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെ മണ്ണ്, ജലസംരക്ഷണപ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട് സംസ്ഥാനബജറ്റിൽ ഹരിതകേരളം ശീർഷകത്തിൽ ലഭിച്ച തുക വിനിയോഗിച്ച് കുളങ്ങളുടെ നവീകരണം ഏറ്റെടുത്തിട്ടുണ്ട് ഇതോടൊപ്പം നദികളുടെ ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങളും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ